# Weekly Devotions- June 2016 Week 1

## El-shaddai- (Almighty God)

**(സർവ്വശക്തിയുള്ള ദൈവം)(ഉല്പ:17:1)**




ദൈവവചനത്തിൽ നമ്മുടെ ദൈവത്തിന് അനേക നാമങ്ങൾ രേഖ ഷെടുത്തിയിട്ടുണ്ട്.ഓരോന്നും അവന്റെ മഹത്വത്തെ പ്രസിദ്ധമാക്കുന്നവയാണ്. ഈ നാമങ്ങളോടൊഷം അവൻ നൽകുന്ന വാഗ്ദത്തങ്ങളും കാണാവുന്നതാണ്. പരിശുദ്ധാത്മാവിന്റെ സഹായത്തോടെ നമുക്ക് ഇത് പഠിക്കുവാൻ ശ്രമിയ്ക്കാം.

സർവ്വശക്തിയുള്ള ദൈവം എന്നതിന് എബ്രായ ഭാഷയിൽ El-shaddai എന്ന് പറയുന്നു,El (എൽ)എന്നത് എലോഹീം എന്ന പദത്തിന്റെ ചുരുക്കെഴുത്താണ്. എൽ-ഷദായ് എന്നാൽ പ്രവർത്തിഷാൻ ശക്തിയുള്ള ദൈവം എന്നാണ്. അബ്രഹാമിനോടാണ് ആദ്യമായി ദൈവം

ഇപ്രകാരം പറയുന്നത്.അവന്റെ സകലപ്രശ്നങ്ങളും പരിഹരിപ്പാൻ യഹോവ മാത്രം മതി എന്ന പ്രസ്താവനയാണ് ഇത്. എൽ-ഷദായ് (El-shaddai) എന്ന വാക്കിന് മൂന്ന്അർത്ഥങ്ങളുണ്ട്.

**(1) ചോദിയ്ക്കുന്നതിലും നിനയ്ക്കുന്നതിലും പരമായി അനുഗ്രഹിക്കുന്ന സർവ്വശക്തൻ**




വിശ്വാസികളുടെ പിതാവായ അബ്രഹാം എന്ന പദവി ലഭിയ്ക്കും, ഞാൻ നിനക്ക് പരിചയും നിന്റെ അതിമഹത്തായ പ്രതിഫലവും ആകുന്നു, നിന്റെ സന്തതികൾ അനുഗ്രഹിക്കപ്പെട്ടവരായി ദേശം കൈവശമാക്കും എന്ന വാഗ്ദത്തങ്ങൾ ലഭിച്ചിട്ടും മക്കളില്ലാത്തവൻ ഒരു നിമിഷം, യഹോവേ ഇത് എപ്പോൾ ലഭിക്കും എന്ന് ചിന്തിയ്ക്കും. 99 വയസ്സായ അബ്രാം ഇതാണ് ചിന്തിച്ചതും. സർവ്വശക്തനായ ദൈവത്തിന് വാഗ്ദത്തം നിവർത്തിയാക്കുന്നതിന് സ്വഭാവികമായ വഴി ഇല്ലെങ്കിലും ഒരു അത്ഭുതത്തിലൂടെ അത് നിവർത്തിക്കുവാൻ കഴിയും. അബ്രാമിന്റെ കുറവ് ദൈവം പരിഹരിക്കുവാൻ താമസിച്ചതിന് കാരണമുണ്ട്.

ദൈവവും അബ്രാമും തമ്മിലുള്ള നിത്യനിയമം അദ്ദേഹം അനുസരിച്ചേ മതിയാകുകയുള്ളൂ. അപ്പോൾ ബഹുജാതികൾക്കു പിതാവാകുന്ന അദ്ദേഹത്തിന്റെ പേർ അബ്രഹാം എന്നാകുന്നു. മറ്റൊരു കാര്യം നമുക്ക് കഴിയുകയില്ല എന്ന് നാം സമ്മതിക്കുന്ന സാഹചര്യം ആകുമ്പോൾ

മാത്രമേ ലഭിച്ച നന്മ ദൈവത്തിന്റെ ദാനമെന്ന് നാം സമ്മതിക്കുകയുള്ളൂ. ഈ രണ്ട് കാര്യങ്ങൾ പൂർത്തിയായപ്പോൾ അബ്രഹാം അനുഗ്രഹലബ്ദി പ്രാപിച്ചു. താൻ വിചാരിച്ചതിലധികമായി ദൈവം അനുഗ്രഹിച്ചതിനാൽ താൻ ഇനിയും ദൈവത്തെ സ്തുതിക്കുമെന്ന് ദാവീദു രാജാവ് പ്രഖ്യാപിച്ചു (2ശമു:6:20,21ഉടമ്പടികൾ, കല്പനകൾ ഇവ അനുസരിച്ചാൽ നമ്മെയും അവൻ അനുഗ്രഹിക്കും .(ഉല്പ:17:13)(റോമ:2:28-29) ഇവ പഠിക്കുക, അനുസരിക്കുക.

## (2).മനസ്സലിവും സ്നേഹവുമുള്ള താതൻ

2 കൊരിന്ത്യർ(1:3) ൽ പറയുന്നു മനസ്സലിവും സർവ്വാശ്വാസുമുള്ള ദൈവമെന്ന് , നാം ദൈവത്തെ പിതാവിന്റെ സ്ഥാനത്തു കാണുന്നു. അമ്മയെപ്പോലെ നമ്മെ മാറോടണയ്ക്കുന്ന സ്ഥാനത്തും നമുക്ക് താതനെ കാണാം.അത് നമുക്കാശ്വാസം നൽകുന്നു. ഒരു സ്ത്രീയ്ക്ക് താൻ പ്രസവിച്ച കുഞ്ഞിനെ മറക്കുവാൻ കഴിയുകയില്ല. അവൾ മറന്നാലും നമ്മുടെ താതൻ മറക്കുന്നില്ല.നമ്മോട് മനസ്സലിവുള്ളവനാണ് കർത്താവ്.

നയീനിലെ വിധവയുടെ കണ്ണുനീർ കണ്ട് മനസ്സലിഞ്ഞവൻ അവളുടെ ഏകമകന്റെ ശവമഞ്ചത്തിൽ തൊട്ടു, ജീവൻ നഷ്ടമായവന്റെ ജീവൻ മടക്കി നൽകി.(ലൂക്കോ:7:11-17).അമ്മയോ, കാഴ്ചക്കാരോ, ശിഷ്യൻമാരോ വിചാരിച്ചതിലും അപ്പുറമായി സ്നേഹനിധിയായ കർത്താവ് പ്രവർത്തിച്ചു. നാളുകളായി ചില വിഷയങ്ങൾ മറുപടി ലഭിക്കാതെ മഞ്ചത്തിലുണ്ടെങ്കിൽ കർത്താവിന്റെ മുൻപിൽ കരയുക. വിഷയത്തെ സ്പർശിച്ചാൽ, ഒരു വാക്ക് കല്പിച്ചാൽ അത് ലഭ്യമാകും.

## (3) സകലത്തിലും ശക്തിയുള്ളവൻ

ഇന്ന് ലോകത്തിൽ പലവിധ ശക്തികളുണ്ട്. പ്രകൃതിയ്ക്കും, വൈദ്യുതിയ്ക്കും, ആറ്റംബോംബിനും ഹൈഡ്രജൻ ബോംബിനും, ന്യൂക്ലിയറിനും ശക്തിയുണ്ട്. വൈദ്യശാസ്ത്രത്തിനും ശക്തിയുണ്ടെന്ന് മനുഷ്യർ കരുതുന്നു. എന്നാൽ ഇതിനെല്ലാം ഉപരിയാണ് സർവ്വശക്തന്റെ ശക്തി, അധികാരം ഇവ.

എൽ-ഷദായി ആയി കൂടെ ദൈവം വരണമെങ്കിൽ ദൈവമുമ്പാകെ നടന്ന് നിഷ്ക്കളങ്കനായിരിക്ക എന്ന് അബ്രഹാമിന് നൽകിയ നിർദ്ദേശം

നാമും അനുസരിച്ചേ മതിയകുകയുള്ളൂ.എല്ലാ മേഖലകളിലും നമുക്ക് വർദ്ധനവു ലഭിപ്പാൻ ദൈവമുമ്പാകെ ആത്മീക ഭൗതീക മേഖലകളിലെല്ലാം അനുസരണമുള്ളവരായി നടപ്പാൻ ദൈവം നമ്മിൽ കൃപ ചൊരിയട്ടെ.

<u>പ്രാർത്ഥന</u>

സർവ്വശക്തനും കരുണാമയനുമായ ദൈവമേ ! ഞങ്ങളുടെ ദൈവം സർവ്വ ശക്തൻ എന്ന് പറയുവാൻ അനുവാദം തന്നതിനായി സ്തോത്രം.ഞങ്ങ ളുടെ നിസ്സഹായതയിൽ അരികിൽ വന്ന് ചോദിക്കുന്നതിലും നിനയ്ക്കുന്ന തിലും പരമായി അനുഗ്രഹിക്കുന്നവനോട് ചേർന്ന് മരുഭൂയാത്ര തുടരു വാൻ സഹായിക്കേണമേ.

ആമേൻ.............

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind